ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) & (ബി) പരവൂർ പൊഴിയിൽ ഒരു ചീപ്പുകെട്ടി കൃഷിയെ സംരക്ഷിക്കുന്നതിനു് ഒരു പദ്ധതി തയാറാക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെണ്ടു് എടുത്തുകഴിഞ്ഞിട്ടുണ്ടു്. അതിലേക്കു് ഒരു സ്പെഷൽ സെക്ഷൻ നിർമ്മിക്കുകയും, ആ സെക്ഷൻ പദ്ധതി തയാറാക്കുന്നതിനു വേണ്ട അന്വേഷണങ്ങൾ നടത്തിവരികയുമാണു്.

QUESTIONS POSTED FOR ANSWER ON 5TH DECEMBER 1949

സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇറക്കുമതി

*൨൪൭൦. (ഫർൺ) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇറക്കുമതിചെയ്യുന്നതുമൂലം തിരുവിതാംകൂറിലെ കേരകർഷകർ വളരെ കഷ്ടത അനുഭവിക്കുമെന്നുള്ളതു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു പരിഹാരം കണ്ടുപിടിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ടി ഇറക്കുമതിക്കു് അനുവാദം കൊടുക്കാതിരിക്കുന്നതിനു യൂണിയൻ ഗവണ്മെണ്ടു് എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും, ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ), (ബി), (സി) ഇക്കാര്യത്തെപ്പറ്റി ഇൻഡ്യാഗവണ്മെണ്ടിനോടു നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണു്.

QUESTIONS POSTED FOR ANSWER ON 6TH DECEMBER 1949

പെരിഞ്ചാണി സ്കീം

*൨൭൫. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലാൻഡ് വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിഞ്ചാണി സ്കീം നടപ്പിലാക്കുവാൻ ഗവണ്മെണ്ടു് ഉദ്ദേശിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ മുതൽ എന്നും പറയുവാൻ ബഹു. ഗവണ്മെണ്ടിനു് ദയവുണ്ടാകുമോ;

(ബി) കല്ലിയാറിന്റേയും ഇത്തിക്കര ആറിന്റേയും തീരപ്രദേശത്തിലുള്ള പല സ്ഥലങ്ങളും കൃഷിക്കുപയുക്തമാക്കിത്തീർക്കാമെന്നുള്ള വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉദ്ദേശമുണ്ടു്. ൧൯൫൰-ന്റെ അവസാനത്തോടുകൂടി ഈ സ്കീമിന്റെ ജോലി പൂർത്തിയാകുമെന്നും അതിനുശേഷം അതുകൊണ്ടുള്ള പ്രയോജനം സിദ്ധിക്കുമെന്നും ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ടു്. ഇതിൽ ചില പ്രദേശങ്ങളിലെല്ലാം ഇരുപ്പുകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

സ്റ്റേറ്റഗസ്റ്റേറ്റസു്

*൨൭൬. (ഫർൺ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി മറുപടി നൽകുമോ.—

(എ) ൧൯൪൭-ലും ൧൯൪൮-ലും ഐക്യസംസ്ഥാനത്തു് സ്റ്റേറ്റ് ഗസ്റ്റിന്റെ ആവശ്യത്തിനു് എത്ര യുകവീതം ചിലവാക്കിയിട്ടുണ്ടു്;

(ബി) ൧൯൪൪ ചിങ്ങം ൧-ാംതു മുതൽ വൃശ്ചികം ൧-ാംതു വരെ സ്റ്റേറ്റ് ഗസ്റ്റായി ഐക്യസംസ്ഥാനത്തു് എത്ര പേർ വന്നിട്ടുണ്ടു്; ആരെല്ലാം;

(സി) ഇൻഡ്യാഗവണ്മെണ്ടിൽനിന്നും, മദ്രാസു് തുടങ്ങിയ പ്രോവിൻഷ്യൽ ഗവണ്മെണ്ടിൽനിന്നും, ഐക്യസംസ്ഥാനത്തുവരുന്ന മന്ത്രിമാരേയും വലിയ ഉദ്യോഗസ്ഥന്മാരേയും സ്റ്റേറ്റ് ഗസ്റ്റ്സ് ആയി സ്വീകരിച്ചു് സല്ക്കരിക്കുന്നതുപോലെ ഐക്യസംസ്ഥാനത്തെ മന്ത്രിമാരും വലിയ ഉദ്യോഗസ്ഥന്മാരും ഐക്യസംസ്ഥാനത്തിനു് വെളിയിൽ പോകുമ്പോൾ അവരെ സ്റ്റേറ്റ് ഗസ്റ്റ് ആയി സ്വീകരിച്ചു സല്ക്കരിക്കാറുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

൧൯൪൮

(എ) തിരുവിതാംകൂർഭാഗം ശ്രീ. ൈ,ൻവ്യ ച. ൨൭ കാ. ൧൫.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ ഛ ഒ ഭ

ശ്രുപ വ്യ, ജ്ഞ വ്യ അണ ക്ഷ ഛ പൈ ര്.

ക്ഷ ഛ ഒ ര്

കൊച്ചീഭാഗം ശ്രുപ ജ്ഞ, ന്മ ഠ അണ ക്ഷ ഠ പൈ ഴ.

ക്ഷ ഛ ഒ ഭ

ശ്രു പ ക്ഷ, ന്വ്യ ന്യ അണ ക്ഷ ഒ പൈ ക്ഷ ഛ.

(ബി) ഒന്ന പേർ. കൂടാതെ ഏഴുപേരുടെ ഉപയോഗത്തിനായി കാറുകൾ മാത്രം അനുവദിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം മുമ്പേ ചേർത്തിട്ടുണ്ട്.

(സി) പ്രവിശ്യകളിലെ മന്ത്രിമാരെ മാത്രമെ സ്റ്റേറ്റ് അതിഥികളായി സ്വീകരിക്കാവുള്ളൂ. ഐക്യസംസ്ഥാനത്തിലെ മന്ത്രിമാരേയും വെളിയിൽ പോകുമ്പോൾ സ്റ്റേറ്റ് ഗസ്റ്റായി സ്വീകരിക്കാവുണ്ട്.

തിരുവിതാംകൂർ വിഭാഗം

സ്റ്റേറ്റ് ഗസ്റ്റ്സ്

(ക) ശ്രീ. ഭൂപതി മജുംദാരും പാർട്ടിയും.
(ഖ) മി. പീറർ കോയ്നേജ്.
(ന) ജനാബ് സേഡ് മിയാൻ സാഹിബ്.
(ര) ഡോക്ടർ സെവൻഡ്സൺണ്ണം ഡോക്ടർ ലാറിറ്റ്സൺണ്ണം.
(ങ) ശ്രീ. എം. കെ. വെള്ളോടി.
(ന) ഡോക്ടർ പി. പി. പിള്ള.
(ഒ) ദിവാൻ ബഹദൂർ സി. പി. കരുണാകരമേനോൻ.
(വ) ശ്രീ. ഡഫ്താർസിങ്ങ്.
(ൻ) ജനറൽ കരിയപ്പാ, കമാൻഡർ ഇൻ ചീഫ്, ഇൻഡ്യൻ ആർമി.
(ക ഠ) ഡോക്ടർ ടോണം പത്നിയും.
(ക ക) ബഹുമാനപ്പെട്ട ശ്രീ. ജയറാംദാസ് ഡൗളത്തുറാം.
(ക ഖ) വൈസ് അഡ്മിറൽ ഡബ്ലിയു. ഇ. പാരി, കമാൻഡർ ഇൻ ചീഫ്, റോയൽ ഇൻഡ്യൻ നേവി.
(ക ന) ശ്രീ. ആർ. കെ. പട്ടീൽ.
(ക ര) ബഹുമാനപ്പെട്ട ശ്രീ. റോച്ചു് വിക്റോറിയാ.

കാറുമാത്രം കൊടുത്തിട്ടുള്ളവർ

(ക) ഡോക്ടർ മുൺകർ.
(ഖ) ഡോക്ടർ ഹാഫ്കിൻ പത്നിയും.
(ന) ശ്രീ. കെ. പി. എസ്സ്. മേനോൻ.
(ര) ശ്രീ. ദേവസഹായം.
(ങ) ഡോക്ടർ ബഞ്ചമിൻ.
(ന) ഫുഡ് ഗ്രെയിൻസ് കമ്മിറ്റി.
(ഒ) ഡോക്ടർ ആചാര്യ.

കൊച്ചി വിഭാഗം

സ്റ്റേറ്റ് ഗസ്റ്റ്സ്

(ക) മി പീറർ കോയ്നേജ്.
(ഖ) മി. നേഡർ, ഡയറക്ടർ ഓഫ് ഇറിഗേഷൻ ആൻഡ് സെൻട്രൽ വാട്ടർവേയ്സ്.
(ന) ഫെഡറൽ കോർട്ട് ജഡ്ജി മി. ഫാസൽ അലിയും ഫെഡറൽ കോർട്ട് രജിസ്ട്രാർ മി. മുത്തിയും.
(ര) ശ്രീ. എം. കെ. വെള്ളോടി, സെക്രട്ടറി, മിനിസ്ട്രി ഓഫ് സ്റ്റേറ്റസ്, ഗവൺമെണ്ട് ഓഫ് ഇൻഡ്യാ.
(ങ) ശ്രീ. സി. പി. കരുണാകരമേനോൻ, ഡയറക്ടർ ജനറൽ ഓഫ് ഫുഡ്, ഗവൺമെണ്ട് ഓഫ് ഇൻഡ്യാ.
(ന) ഓണറബിൾ ശ്രീ. കെ. മാധവമേനോൻ, മിനിസ്റ്റർ, ഗവൺമെണ്ട് ഓഫ് മദ്രാസ്.

LIBRARY ARCHIVES Kerala Legislative Assembly

(൭) സർദാർ ബഹദൂർ ശ്രീ. ഡട്ടാർസിങ്, അഡീഷണൽ സെക്രട്ടറി ടു ഗവണ്മെണ്ട്, മിനിസ്ട്രി ഓഫ് ആഗ്രികൾച്ചർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

(൮) ഓണറബിൾ ശ്രീ. ജയറാംദാസ് ഡൗളത്തറാം, മിനിസ്റ്റർ ഫോർ ഫുഡ് ആൻഡ് ആഗ്രികൾച്ചർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

(൯) മിസ്സസ്. കെ. പി. ആർ. മേനോൻ.

(൧൦) ഡോക്ടർ ഇഗ്നാറിയസ് മി. എഡ്വേർഡ് ക്ഷിമം, ഫെല്ലോ ലൈസർ എക്സ്പേർട്ട്സ്.

(൧൧) ഓണറബിൾ ശ്രീ. ചന്ദ്രമൌലി, മിനിസ്റ്റർ, ഗവണ്മെണ്ട് ഓഫ് മദ്രാസ്.

(൧൨) ശ്രീ. ആർ കെ. പട്ടീൽ, ഷുഡ് പ്രൊഡക്ഷൻ കമ്മീഷണർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

എറണാകുളം ഗവണ്മെണ്ട് പ്രസ്സ്

*൨൪൭. (൧൩൭) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം ഗവണ്മെണ്ട് പ്രസ്സിലെ ജോലിക്കാർ, പൊതു ഒഴിവുദിവസവും ആഫിസ് സമയവും തിരുവനന്തപുരം ഗവണ്മെണ്ട് പ്രസ്സിലുള്ളതുപോലെ ആക്കികിട്ടുന്നതിനു വല്ല നിവേദനവും സമർപ്പിക്കയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) ഇല്ലെങ്കിൽ അവക്ക് അനുകൂലമായ കല്പനയുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ, ബി, സി) നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എറണാകുളം ഗവണ്മെണ്ട് പ്രസ്സ് ഫാക്ടറി നിയമങ്ങൾക്കു വിധേയമാകകൊണ്ട് ടി നിയമങ്ങൾക്കു വിരുദ്ധമല്ലാത്ത വിധത്തിൽ എറണാകുളം പ്രസ്സിലെ ചുരുങ്ങിയ ഒഴിവുദിവസങ്ങളും വർദ്ധിച്ച ജോലിസമയവും പരിഗണിച്ച് ഗവണ്മെണ്ടിൽനിന്നും നിയോഗിച്ചിരുന്ന Press Enquiry Committee ഗവണ്മെണ്ട് പ്രസ്സ് ജീവനക്കാർക്ക് എല്ലാവക്കും പൊതുവിൽ ൯ ൦—൨—൭ ൦ എന്ന വർദ്ധിച്ച ശമ്പളത്തോതു ശുപാർശ ചെയ്തിട്ടുള്ളതിനാലും ചുരുങ്ങിയ ഒഴിവുദിവസങ്ങളും കൂടുതൽ ജോലിസമയവുംകൊണ്ട് മാത്രമെ overtime work-ം overtime allowance-ം ചുരുക്കുവാൻ കഴികയുള്ളുവെന്നതുകൊണ്ടും എറണാകുളം ഗവണ്മെണ്ട് പ്രസ്സിലെ പഴയരീതിയിലുള്ള ഒഴിവുദിവസങ്ങൾ തന്നെ തല്ക്കാലം തുടർന്നുപോയാൽ മതിയെന്ന ഗവണ്മെണ്ട് കല്പനയനുസരിച്ച് എറണാകുളം പ്രസ്സ് ജീവനക്കാരുടെ നിവേദനം പ്രസ്സിന്റെകൂടി ചാർജ്ജുവഹിച്ചിരുന്ന സ്റ്റാമ്പ് സൂപ്രണ്ട് സ്വീകരിക്കുകയുണ്ടായില്ല.

QUESTIONS POSTED FOR ANSWER ON 7TH DECEMBER 1949

ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ

*൨൪൯. (൨) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്ത് എത്ര ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നു എന്നു ദയവായി പറയുമോ;

(ബി) കേന്ദ്രങ്ങളുടെ പ്രവർത്തനം ഗ്രാമീണരായ സാധാരണ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഗ്രാമങ്ങളുടെ അഭിവൃദ്ധിതന്നെ രാജ്യത്തിന്റെ പൊതു നന്മയെന്നുള്ള തത്വത്തെക്കരുതി എല്ലാ ഗ്രാമങ്ങളിലും ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനു എത്ര കാലം വേണ്ടിവരുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ൧൯ കേന്ദ്രങ്ങൾ.

(ബി) അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്.

(സി) കഴിയുന്നതും വേഗത്തിൽ എല്ലായിടത്തും വില്ലേജുപഞ്ചായത്തുകൾ ഏർപ്പെടുത്തുന്നതാണ്. ആ പഞ്ചായത്തുകൾ ഗ്രാമോദ്ധാരണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതാണ്.

ഇപ്പോൾ പ്രവർത്തനം നടത്തുന്ന കമ്പനികൾ

*൨൪൭. (൫൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മിനറൽസ് കമ്പനികളുടെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly